**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1761** **04.12.2018 ൽ മറുപടിയ്ക്ക്**

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ രജിസ്റ്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **എ.സി.മൊയ്തീൻ**<br>**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി )** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിലാണ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 885 ഗ്രാമപഞ്ചായത്തുകൾ 56 മുൻസിപ്പാലിറ്റികൾ 2 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെ ആകെ 943 ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. 90 ശതമാനം ജൈവവൈവിധ്യ രജിസ്റ്ററും പൂർത്തിയായി കഴിഞ്ഞു. അവശേഷിക്കുന്ന 10 ശതമാനം (56 ഗ്രാമപഞ്ചായത്തുകൾ, 31 മുൻസിപ്പാലിറ്റികൾ, 4 കോർപ്പറേഷനുകൾ) സ്ഥലങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | നിലവിലുള്ള രജിസ്റ്ററുകൾ ശാസ്ത്രീയമായി പുതുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിക്കഴിഞ്ഞ ജൈവവൈവിധ്യ രജിസ്റ്ററുകളെ ഡിജിറ്റലൈസ് ചെയ്യുന്നതിനും ശാസ്ത്രീയമായി വിവരങ്ങൾ കാലാനുസൃതമായിട്ട് കൂട്ടിച്ചേർക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി) സഹകരണത്തോടെ പ്രസ്തുത ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ ജൈവവൈവിധ്യ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര ഉപയോഗത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ മേൽനോട്ടത്തിൽ പ്രാദേശിക പരിസ്ഥിതിക്കനുയോജ്യമായിട്ടുള്ള വിവിധ പദ്ധതികൾ സംസ്ഥാനത്തെ ജൈവവൈവിധ്യ ബോർഡിന്റെ "മാതൃകാ ബി.എം.സി" പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**